പതിനാലാം കേരള നിയമസഭ

11-ാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 1469 — 07.06.2018-ൽ മറുപടിക്ക്

## കുട്ടനാട്ടിലെ വികസന പ്രവൃത്തി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.തോമസ് ചാണ്ടി | ശ്രീ. ഇ. ചന്ദ്രശേഖരൻ (റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) നെൽപാടങ്ങളും തോടുകളും ആറുകളും കൊണ്ടു നിറഞ്ഞു നിൽക്കുന്ന ഭൂപ്രദേശമായ കുട്ടനാട്ടിൽ, കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ സമിതിയുടെ അനുവാദം ലഭിക്കാത്തതുമൂലം പ്രസ്തുത പ്രദേശത്തിന്റെ വികസനത്തിന് ആവശ്യമായ റോഡുകളുടേയും പാലങ്ങളുടേയും പല നിർമാണ പ്രവൃത്തികളും മുടങ്ങിക്കിടക്കുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) ചമ്പക്കുളം, അമ്പലപ്പുഴ എന്നീ ബ്ലോക്കുകളിലെ 9 റോഡ് നിർമ്മാണ പ്രവർത്തനങ്ങൾ മുടങ്ങിക്കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) എങ്കിൽ ഇത് അടിയന്തരമായി പരിഹരിക്കുന്നതിന് ഉചിതമായ നടപടി സ്വീകരിക്കുമോ? | (ബി) ടി റോഡ് നിർമ്മാണ പ്രവർത്തനങ്ങളുടെ അപേക്ഷകൾ പ്രാദേശിക നിരീക്ഷണ സമിതിയുടെ ശുപാർശയോടു കൂടി സംസ്ഥാനതല സമിതിക്ക് അനുമതിക്കായി കൃഷി വകുപ്പിൽ ലഭിച്ചിട്ടുണ്ട്. ഇതിൽ ചില പ്രവൃത്തികളുടെ പ്രൊപ്പോസലുകൾ സമിതിയിൽ വച്ചെങ്കിലും അംഗീകരിച്ചിട്ടില്ല. |

**സെക്ഷൻ ഓഫീസർ**